# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3269

24.02.2016-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യം

| ചോദ്യം | മറുപടി |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫേസ് ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫേസ് ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം, എന്നിവയുമായി ബന്ധപ്പെട്ട് ജില്ലകളിൽ 1072 കേസുകളും, സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ 161 കേസുകളും ഇതിനു പുറമേ കോപ്പി റൈറ്റ് ലംഘിച്ച് ഇന്റർനെറ്റിൽ മലയാളം സിനിമകൾ അപ്പ് ലോഡ് ചെയ്യതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് 9 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ 33 കേസുകൾ ജില്ലകളിലും, സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ 39 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയിൽ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ കേസ്സുകൾ എത്ര; | (സി) മൊബൈൽ ഫോൺ ദുരപയോഗവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ ജില്ലകളിൽ 1775 കേസുകളും, സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ 14 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹൈടെക് ക്രൈം എൻക്വയറി സെൽ എന്ന സ്ഥാപനം കേസുകളുടെ അന്വേഷണത്തിൽ സാങ്കേതിക സഹായവും മറ്റും നൽകി വരികയാണ് ചെയ്തു വരുന്നത്. കേസന്വേഷണത്തിനായി ഹൈടെക് ക്രൈം എൻക്വയറി സെല്ലിന് കൈമാറാറില്ല. |
| (ഡി) ഈ രണ്ടു വിഭാഗത്തിൽപ്പെട്ട കേസ്സുകളിലും കുറ്റപത്രം സമർപ്പിച്ചവ എത്ര; അന്വേഷണം പൂർത്തിയാകാത്തവ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഡി) ജില്ലകളിൽ സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് കുറ്റപത്രം സമർപ്പിച്ചവ 302, അന്വേഷണം പൂർത്തിയാകാത്തവ 269, മൊബൈൽ ഫോൺ ദുരപയോഗവുമായി ബന്ധപ്പെട്ട് കുറ്റപത്രം സമർപ്പിച്ചവ 1419, അന്വേഷണം പൂർത്തിയാകാത്തവ 204. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർത്തിരിക്കുന്നു. ഇതിനു പുറമെ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ 3 എണ്ണത്തിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാകാത്തവ 150. ഇവയിൽ ഇന്റർനെറ്റ് അധിഷ്ഠിതമായ കുറ്റകൃത്യങ്ങളും, സൈബർ കുറ്റകൃത്യങ്ങളും, മൊബൈൽ ഫോണിന്റെ ദുരപയോഗവും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിട്ടുള്ളതും, തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിലും, ക്രൈംബ്രാഞ്ച് ആസ്ഥാനത്തും രജിസ്റ്റർ ചെയ്തിട്ടുള്ളവയുമായതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

— അനുബന്ധം —

| Districts | ഫേസ് ബുക്ക്, ഇന്റർനെറ്റ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | സൈബർ കുറ്റകൃത്യം അതീവ ഗുരുതരമായ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | മൊബൈൽ ഫോൺ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | അന്വേഷണം ഹൈടെക് സെല്ലിന് കൈമാറിയ കേസുകളുടെ എണ്ണം | സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ടവ | | മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ടവ | |
|---|---|---|---|---|---|---|---|---|
| | | | | | കുറ്റപത്രം സമർപ്പിച്ച കേസുകളുടെ എണ്ണം | അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസുകളുടെ എണ്ണം | അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം |
| TVMC | 78 | 1 | 165 | 0 | 19 | 49 | 127 | 38 |
| TVMR | 28 | 0 | 31 | 0 | 10 | 18 | 26 | 5 |
| KLMC | 20 | 4 | 26 | 0 | 2 | 2 | 10 | 16 |
| KLMR | 39 | 0 | 48 | 0 | 16 | 17 | 32 | 11 |
| PTA | 74 | 0 | 52 | 0 | 2 | 12 | 10 | 32 |
| ALP | 34 | 0 | 23 | 0 | 4 | 17 | 9 | 11 |
| KTM | 60 | 2 | 122 | 0 | 19 | 11 | 73 | 4 |
| IDK | 29 | 0 | 8 | 0 | 8 | 21 | 2 | 6 |
| EKMC | 154 | 2 | 160 | 0 | 1 | 1 | 142 | 1 |
| EKMR | 66 | 0 | 75 | 0 | 34 | 8 | 65 | 4 |
| TSRC | 43 | 8 | 150 | 0 | 23 | 8 | 132 | 3 |
| TSRR | 64 | 6 | 33 | 0 | 30 | 13 | 24 | 6 |
| PKD | 31 | 3 | 175 | 0 | 10 | 9 | 170 | 1 |
| MPM | 96 | 0 | 190 | 0 | 41 | 28 | 170 | 14 |
| KKDC | 54 | 1 | 51 | 0 | 23 | 22 | 36 | 25 |
| KKDR | 64 | 0 | 74 | 0 | 13 | 8 | 67 | 7 |
| WYD | 12 | 4 | 60 | 0 | 8 | 0 | 48 | 5 |
| KNR | 75 | 0 | 128 | 0 | 29 | 13 | 107 | 13 |
| KSD | 51 | 2 | 142 | 0 | 10 | 12 | 107 | 2 |
| RLY | 0 | 0 | 62 | 0 | 0 | 0 | 62 | 0 |
| Total | 1072 | 33 | 1775 | 0 | 302 | 269 | 1419 | 204 |

സെക്ഷൻ ഓഫീസർ